സുഹൈറലി തിരുവിഴാംകുന്ന്

# വരുന്നൂ.... ജലയുദ്ധം

**ഒരു** ജലദിനം (മാർച്ച് 22) കൂടി പിന്നിട്ടിരിക്കുന്നു. ജലയുദ്ധത്തിന്റെ പെരുമ്പറമുഴക്കങ്ങൾ കേട്ടുതുടങ്ങി. 25 വർഷത്തിനകം ലോകജനസംഖ്യയുടെ മൂന്നിൽ രണ്ട് പേർക്കും വെള്ളം ലഭിക്കാതെ വരുമെന്നാണ് കണക്കുകൾ നൽകുന്ന സൂചന. 2015-ഓടെ ജലം ലഭിക്കാൻ ലോകജനതക്ക് പ്രതിവർഷം 30 ബില്യൻ ഡോളർ ചെലവഴിക്കേണ്ടിവരുമെന്ന് ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വകുപ്പ് മുന്നറിയിപ്പ് നൽകുന്നു.

ആഗോള ജലലഭ്യതയിൽ 180 രാഷ്ട്രങ്ങളുടെ പട്ടികയിൽ ഇന്ത്യയുള്ളത് 130-ാമതാണ്. 16 ശതമാനം ജല ഉപയോഗം നടത്തുന്ന ഇന്ത്യയിൽ 4 ശതമാനം മാത്രമേ ശുദ്ധജലസ്രോതസ്സുകളുള്ളൂ. വേനൽക്കാലമാവുന്നതോടെ മുമ്പൊന്നുമില്ലാത്ത വരൾച്ചയും ഊഷരതയുമാണ് ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ ഉണ്ടാവുന്നത്. 2020-ഓടെ ഇന്ത്യയിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുമെന്ന് ലോക ബാങ്കും ഐക്യരാഷ്ട്രസംഘടനയും കണക്കുകൂട്ടുന്നു.

44 നദികളും നൂറുകണക്കിന് പുഴകളും കായലുകളും തോടുകളും കുളങ്ങളുമുള്ള കേരളം പോലും അപകടത്തിലേക്കാണ് നീങ്ങുന്നത്. നൂറ് കിലോമീറ്ററിലധികം നീളമുള്ളവയാണ് കേരളത്തിലെ പത്ത് നദികൾ. പക്ഷേ, അവ മാലിന്യങ്ങളാലും വിഷപദാർഥങ്ങളാലും നിറഞ്ഞിരിക്കുന്നു. വേനലായാൽ വരണ്ടുണങ്ങുകയും ചെയ്യുന്നു.

1999 ഫെബ്രുവരിയിൽ കാനഡയിലെ *നാഷ്നൽ പോസ്റ്റിൽ* വന്ന മുഖപ്രസംഗത്തിൽ, ഏതാനും വർഷങ്ങൾക്കുള്ളിൽ ഇന്ധനകയറ്റുമതി പോലെ ഒപെക് മാതൃകയിൽ ജലകയറ്റുമതിയും നടക്കുമെന്നും അതിന്റെ ആസ്ഥാനം കാനഡയായിരിക്കുമെന്നും പ്രവചിക്കുന്നു. ജലകയറ്റുമതി വ്യവസായത്തിൽ രാഷ്ട്രങ്ങൾ ഒപ്പുവെക്കാനിരിക്കുന്നുവെന്നും അതിൽ പറയുന്നു. അതോടെ 'പണമുള്ളവർക്ക് ജലം, ഇല്ലാത്തവർക്ക് മരണം' എന്ന പോളിസി യാഥാർഥ്യമാവും.

ആഗോളതാപനം ജലദൗർലഭ്യത്തിൽ മുഖ്യ പങ്കുവഹിക്കുന്നുണ്ട്. കഠിനമായ ചൂടും വെള്ളത്തിന്റെ കുറവും ആവാസവ്യവസ്ഥയെ സാരമായി ബാധിക്കും. മനുഷ്യന്റെ ആർത്തിയുടെ അനന്തരഫലമെന്നോണം, ഒരുവശത്ത് ആഗോളതാപനം ശക്തിപ്പെടുമ്പോൾ, വളരെ തന്ത്രപരമായി ജലചൂഷണം ശക്തിപ്പെടുത്താൻ കോർപറേറ്റ് ഭീമന്മാരും ഒരുങ്ങിക്കഴിഞ്ഞു.

ലോകബാങ്കും അതിന്റെ തന്നെ ഉൾക്കുരുക്കായ എ.ഡി.ബിയും ശ്രദ്ധവെക്കുന്നതും ജലത്തിൽതന്നെ. ജലം മനുഷ്യന്റെ മൗലികാവകാശമാണോ എന്നത് ഇവർക്ക് പ്രശ്നമല്ല. വെള്ളത്തെ സാമ്പത്തിക ചരക്ക് മാത്രമായാണ് അവർ നിർവചിക്കുന്നത്. പുതിയ എ.ഡി.ബി കരാറിലൂടെ കേരളവും ജലചൂഷണത്തിന് വഴിപ്പെടാൻ പോകുന്നു. പൊതുടാപ്പുകൾക്ക് നിയന്ത്രണം വരുന്നതു മുതൽ വെള്ളക്കര വർധനവ് വരെ അതിന്റെ ഭാഗമാണ്. കുടിവെള്ളം കുപ്പിയിലാക്കി വിപണിയിലിറക്കാൻ വരെ കേരള വാട്ടർ അതോറിറ്റി തയാറെടുക്കുകയാണ്.

എ.ഡി.ബിയുടെ സുസ്ഥിര നഗര വികസന പദ്ധതിയുടെ മുഖ്യശ്രദ്ധയും നഗരജലവിതരണം സ്വകാര്യവൽക്കരിക്കുന്നതിലാണ്. പൊതുജലസ്രോതസ്സുകൾ 'ലാഭ'കരമല്ലാത്തതുകൊണ്ട് അവ അടക്കാനും ജലവിതരണം സ്വകാര്യ കണക്ഷൻ വഴി പരിമിതപ്പെടുത്താനുമാണ് നീക്കം. 2008 മാർച്ചിനുള്ളിൽ യൂസർ ചാർജ് ഈടാക്കിക്കൊണ്ട് മാത്രം ജലവിതരണം ക്രമീകരിക്കുക, 2010-നുള്ളിൽ വാട്ടർ അതോറിറ്റി നൽകുന്ന വെള്ളത്തിന്റെ വില പുതുക്കുക, കെട്ടിടങ്ങൾക്ക് തറവിസ്തീർണത്തിന് നികുതി ചുമത്തുക, മാലിന്യസംസ്കരണത്തിന് പണം ഈടാക്കുക എന്നിവയാണ് മറ്റു എ.ഡി.ബി നിർദേശങ്ങൾ.

ഭരണഘടനയുടെ 73, 74 ഭേദഗതികൾ വഴി ജലവിതരണ രംഗത്ത് സ്വകാര്യ ഏജൻസികൾക്ക് എളുപ്പത്തിൽ കടന്നുകൂടാനായി. ഇതിനനുസരിച്ച ജലനയമാണ് 2002 ഏപ്രിലിൽ കേരള സർക്കാർ നടപ്പിലാക്കിയത്. ലോകബാങ്കിന്റെ 'ജനസേവന'മായ ജലനിധിയോടെ പദ്ധതിക്ക് തുടക്കമിട്ടു. സ്വതന്ത്ര ഏജൻസികൾ വഴി ജലവിതരണ വായ്പ അനുവദിക്കുന്നതിലൂടെ 'വാറ്റ്സാൻ' പദ്ധതി നടപ്പാക്കുകയാണ് ലോകബാങ്കിന്റെ ലക്ഷ്യം. അഥവാ ജലം വിലനൽകി വാങ്ങാൻ ജനത്തെ പരുവപ്പെടുത്തുന്ന തന്ത്രം. മറുവശത്ത് വാട്ടർതീം പാർക്കുകൾക്കും ജലചൂഷണങ്ങൾക്കും എല്ലാവിധ പിന്തുണയും!

ഇനി ജലഭീമന്മാരുടെ കാലം. കുടിവെള്ളവ്യവസായം 35 വർഷങ്ങൾകൊണ്ട് 160 മടങ്ങാണ് വർധിച്ചത്. കുടിവെള്ള വ്യവസായത്തിലെ ഉള്ളുകള്ളികൾ വെളിച്ചത്തുകൊണ്ടുവന്ന പഠനമാണ് ടോണി ക്ലാർക്കിന്റെ *ഇൻസൈഡ് ദ ബോട്ടിൽ* (കുടിവെള്ള വ്യവസായം നേരും നുണയും എന്ന പേരിൽ ഈ പുസ്തകം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). നെസ്‌ലെ, പെപ്സി, കൊക്കക്കോള, ഡാനോൺ എന്നീ നാല് കുത്തകകളെ കേന്ദ്രീകരിച്ചായിരുന്നു പഠനം.

1986-നും 1992-നുമിടക്ക് കാനഡയിലെ മൈക്രോ ബയോളജി ശാസ്ത്രജ്ഞരാണ് കുപ്പിവെള്ളത്തെക്കുറിച്ച് ആദ്യമായി ശാസ്ത്രീയപഠനം നടത്തിയത്. 9 വർഷത്തിനിടയിൽ കാനഡയിൽ വിറ്റഴിഞ്ഞ കുപ്പിവെള്ളത്തിൽ 40 ശതമാനത്തിൽ അധികം എറോബിക് കൂടുതലായിരുന്നു. കൂടാതെ ആർസനിക്, മെർക്കുറി എന്നിവയുടെ അളവും വർധിച്ച തോതിൽ കണ്ടെത്തി.

പ്രതിരോധശേഷി കുറഞ്ഞവരും രോഗികളും ചെറിയ കുട്ടികളും കുപ്പിവെള്ളം ഉപയോഗിക്കുന്നത് അപകടകരമാണെന്ന് പഠനങ്ങൾ മുന്നറിയിപ്പു നൽകുന്നു. കുപ്പിവെള്ളത്തിൽ അടങ്ങിയ ബാക്ടീരിയകളുടെ ആധിക്യമാണിതിന് കാരണമാവുന്നത്. ഇന്ത്യ, നോർവെ, ഫ്രാൻസ്, ഇറ്റലി, ജർമനി, ഗ്രീസ്, ആസ്ത്രിയ, സ്പെയിൻ, ഹംഗറി, മൊറോക്കോ, ആസ്ത്രേലിയ, കാനഡ, താൻസാനിയ, മെക്സിക്കോ, ക്യൂബ എന്നീ രാജ്യങ്ങളിൽനിന്ന് ശേഖരിച്ച 68 ബ്രാന്റുകളിൽ നടത്തിയ പഠനത്തിലാണ് ഇതിൽ കിണർ, ടാപ്പ് വെള്ളത്തേക്കാൾ ബാക്ടീരിയകളും ഫംഗസുകളുമുണ്ടെന്ന് കണ്ടെത്തിയത്.

ഇതെല്ലാം മറച്ചുവെച്ച് ജനങ്ങളെ വിഡ്ഢികളാക്കുന്ന പരസ്യതന്ത്രങ്ങളാണ് ഇവർ പയറ്റുന്നത്. കുടിവെള്ളം ഓക്സിജൻ സമ്പുഷ്ടമാണെന്നും ആരോഗ്യദായകമാണെന്നുമുള്ള പരസ്യവാചകങ്ങൾ പച്ചക്കള്ളമാണെന്ന് പിന്നീട് വ്യക്തമായി. വെള്ളത്തിൽനിന്ന് നേരിട്ട് ഓക്സിജൻ ആഗിരണം ചെയ്യാൻ ഒരിക്കലും മനുഷ്യനാവുകയില്ല എന്നതാണ് സത്യം. വെള്ളം

പ്രത്യേക രീതിയിൽ സംസ്കരിച്ചാണ് കുപ്പികളിലാക്കുന്നതെന്ന അവകാശവാദവും പൊള്ളയായിരുന്നു.

### വിപണന തന്ത്രങ്ങൾ

'വാഗ്ദാനങ്ങളൊന്നുമില്ല, അത്രയും പരിശുദ്ധം' (So pure we promise nothing)- 2003-ൽ അക്വാഫിന കമ്പനി പുറത്തിറക്കിയ ഒരു പരസ്യവാചകമാണിത്. ഇനിയും മലിനമാക്കപ്പെടാത്ത ഭൂഭാഗങ്ങളിൽനിന്നെടുക്കുന്ന മഞ്ഞുവെള്ളമായതിനാൽ, "Can't live without it!' കിണർ വെള്ളത്തിനും മുനിസിപ്പാലിറ്റി വെള്ളത്തിനും എതിരെ പ്രചാരണം നടത്തി വികസിത രാഷ്ട്രങ്ങളിൽ പാലിനേക്കാൾ ഇരട്ടിയിലധികം വിലയിട്ട് പച്ചവെള്ളം വിൽക്കുകയാണ്. എന്നാൽ പെപ്സിയും കോളയും മുനിസിപ്പൽ വെള്ളം തന്നെ സൗജന്യവിലയ്ക്ക് വാങ്ങി കുപ്പിയിൽ നിറച്ച് വിതരണം ചെയ്യുമ്പോൾ പഴക്കം കൂടുന്നു എന്നതിലപ്പുറം എന്തുമിച്ചം?

പച്ചവെള്ളത്തിന് കോടികളുടെ പരസ്യമാണ് കമ്പനികൾ നൽകുന്നത്. ഇതിന്റെ വില നൽകേണ്ടതോ വാങ്ങുന്ന സാധാരണക്കാരും! ഇത്തരം കമ്പനികളുടെ കാര്യമായ ചെലവ് പരസ്യത്തിനാണെന്നതാണ് വസ്തുത. *ബിവറേജസ് ഡൈജസ്റ്റ്* 2002-ൽ നടത്തിയ പഠനത്തിൽ 94 കോടി ഡോളറാണ് പരസ്യയിനത്തിൽമാത്രം കമ്പനികൾ ചെലവഴിച്ചത്. 'വിൽക്കാനുള്ളത് പച്ചവെള്ളമല്ലേ, അതിന് ചില സാമർഥ്യമൊക്കെ കാണിച്ചേ പറ്റൂ' - പറയുന്നത് ഡസാനിയുടെ പരസ്യവിഭാഗം തലവൻ.

### കൊള്ളലാഭം

ഇത്തരം ദുഷ്പ്രചാരണങ്ങളിലൂടെ കമ്പനി നേടുന്ന ലാഭവും ഞെട്ടിക്കുന്നതാണ്. ടാപ്പ് വെള്ളത്തിന്റെ 240 ഇരട്ടി മുതൽ 10,000 ഇരട്ടി വരെയാണ് വികസിത രാജ്യങ്ങളിൽ കുപ്പിവെള്ളത്തിന് ഈടാക്കുന്നത്. തികച്ചും സൗജന്യമായി വെള്ളം ലഭിക്കാൻ സാഹചര്യമുള്ള കേരളത്തെ സംബന്ധിച്ചേടത്തോളം കമ്പനികളുടെ ലാഭം അതിലും എത്രയോ ഇരട്ടിയാണെന്നു കാണാം. ഇക്കാര്യത്തിൽ കോളകളേക്കാൾ ചൂഷണം നടക്കുന്നത് കുപ്പിവെള്ളത്തിലാണെന്നതാണ് കൗതുകകരം. എൻ.ആർ.ഡി.സി നടത്തിയ പഠനത്തിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയുണ്ട്:

| ബ്രാന്റ് | $1^1/_2$ ലിറ്ററിന്റെ വില | നഗരങ്ങൾ | ടാപ്പ്‌വെള്ള വില |
|---|---|---|---|
| അക്വാഫിന | 1.20 $ | ന്യൂയോർക്ക് | 0.0011 $ |
| ഡസാനി | 1.25 $ | മോൺട്രിയാൽ | 0.00022 $ |
| ഏവിയോൺ | 1.15 $ | നോക്സ്‌വില്ലെ | 0.00013 $ |

അമേരിക്കയിൽ കുപ്പിവെള്ളത്തിന് 25 ശതമാനം മുതൽ 45 ശതമാനം വരെ സംസ്കരിച്ച ടാപ്പ്‌വെള്ളമാണുപയോഗിക്കുന്നത്. അക്വാഫിനയും ഡസാനിയും 100 ശതമാനവും ടാപ്പ് വെള്ളം തന്നെ. ഒരു പ്രാവശ്യം വെള്ളത്തിന് നികുതിയടച്ച ജനങ്ങൾ അതേ വെള്ളംതന്നെ ഭീമമായ തുക നൽകി വാങ്ങുന്നു. പൊതുജനങ്ങൾ വെള്ളത്തിന് നൽകുന്ന വിലയുടെ തുഛമായ ഒരു അംശം നൽകിയാണ് ഇതേ വെള്ളം കമ്പനി വാങ്ങുന്നത്. പൊതുജനം 4.350 ഡോളറിന് വാങ്ങുന്ന വെള്ളം കമ്പനികൾക്ക് 0.33 ഡോളറിനും 0.002 ഡോളറിനും ലഭിക്കുന്നു. വിവിധ ജീവിത നിലവാരത്തിലുള്ളവരെ സ്വാധീനിക്കാൻ ഒരേ വെള്ളം പല ലേബലിൽ പുറത്തിറക്കുന്ന തന്ത്രവും ഇവർ പയറ്റുന്നു.

അംഗീകാരം നേടിക്കഴിഞ്ഞാൽ വെള്ളത്തിന് വിലയിടുന്നതിൽ യാതൊരു നിയന്ത്രണവുമില്ല.

പെട്രോളിനും ഡീസലിനും വില നിയന്ത്രണ കമ്മിറ്റികൾ ഉള്ളപ്പോൾ കുപ്പിവെള്ളത്തിന് നികുതിയില്ല, നിയന്ത്രണവുമില്ല. പെടോൾ, ഡീസൽ വിലവർധനവിനെതിരെ പ്രതിഷേധിക്കുന്നവർ കുപ്പിപ്പാനീയങ്ങൾക്ക് തോന്നിയ വിലയിടുന്നതിനെതിരെ യാതൊരു പ്രതിഷേധവും ഉയർത്തുന്നില്ല. പെട്രോളിന് വില കൂടുമ്പോൾ അതിൽനിന്നുള്ള നികുതിയെങ്കിലും സർക്കാറിന് ലഭിക്കുമെന്നാശിക്കാം. എന്നാൽ കുപ്പിവെള്ളത്തിന്റെ കാര്യമോ?

അമിതമായ ജലചൂഷണത്തിന്റെ ഇരകളാണ് കോളനിരോധനത്തിനു ശേഷം ഇപ്പോഴും പ്ലാച്ചിമടയിലും മുതലമടയിലും ജീവിച്ചുകൊണ്ടിരിക്കുന്നത്. 200 മീറ്റർ താഴ്ചയിൽ വെള്ളം ലഭിച്ചിരുന്ന കഞ്ചിക്കോട്ട് 500 മീറ്ററിലും വെള്ളം കിട്ടാനില്ല. 5 കി. മീറ്റർ പരിധിയിൽ ശുദ്ധജലം തീരെ ലഭ്യമല്ല. ഒന്നര ലക്ഷം ലിറ്റർ വരെയായിരുന്നു ഓരോ ദിവസവും ഇവിടെനിന്ന് ഊറ്റിയിരുന്നത്. 1998-ൽ പ്ലാച്ചിമടയിൽ ആരംഭിച്ച കമ്പനി 65 കുഴൽ കിണറുകൾ ഉപയോഗിച്ച് 15 ലക്ഷം ലിറ്റർ വരെയായിരുന്നു ഭൂഗർഭജലം വലിച്ചെടുത്തിരുന്നത്. ഇതേ കമ്പനിക്കായിരുന്നു മുതൽമുടക്കിന്റെ 15 ശതമാനം സർക്കാർ സബ്സിഡിയായി നൽകിയതും.

### പരിസ്ഥിതി പ്രശ്നങ്ങൾ

മാരകമായ പാരിസ്ഥിതികപ്രശ്നങ്ങളും കോളക്കമ്പനികൾ സൃഷ്ടിക്കുന്നുണ്ട്. പ്ലാച്ചിമടയിൽ കർഷകർക്ക് വളമെന്ന പേരിൽ നൽകിയ കാഡ്മിയവും കറുത്തീയവും ഭൂമിയെയും കൃഷിയെയും നശിപ്പിച്ചു. ഇത് കമ്പനി പരിസരങ്ങളിലൊതുങ്ങുമെങ്കിൽ, കൂടുതൽ ഗുരുതരമാണ് പ്ലാസ്റ്റിക് കുപ്പികൾ നാടാകെ സൃഷ്ടിക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ.

കഴിഞ്ഞ പത്തു വർഷങ്ങൾക്കകം പ്ലാസ്റ്റിക് 50 ശതമാനത്തിലധികം വർധിച്ചിരിക്കുന്നു. ഇതിൽ നല്ലൊരു ശതമാനം പാനീയക്കുപ്പികളാണ്. പ്ലാസ്റ്റിക്ക് ഉൽപാദനം സൃഷ്ടിക്കുന്ന മലിനീകരണപ്രശ്നം കൂടാതെത്തന്നെ, അതിലെ വിശാംശം വെള്ളത്തിൽ കലരാനുള്ള സാധ്യത കൂടുതലാണ്. 1995-നു ശേഷം പ്ലാസ്റ്റിക് ഉൽപന്നങ്ങൾ മൂന്നിരട്ടി വർധിച്ചു. റീസൈക്ക്ൾ ചെയ്യുന്നതിന്റെ തോത് കുറയുകയും ചെയ്തു. പഴയ കുപ്പികൾ തിരിച്ചെടുക്കാനോ റീസൈക്ക്ൾ ചെയ്യാനോ കമ്പനികൾ തയാറാവുന്നില്ല. ചുരുക്കത്തിൽ പ്ലാസ്റ്റിക് കമ്പനികളുമായി ചെറിയൊരു ഒത്തുകളി.

ഇക്കാര്യത്തിലും കർശനമായ നിയമങ്ങൾ വരേണ്ടിയിരിക്കുന്നു. മണ്ണിലെറിയുകയോ കത്തിക്കുകയോ ചെയ്യാതെ ഉപയോഗിച്ച പ്ലാസ്റ്റിക്കുകൾ തിരിച്ചെടുക്കാനും വീണ്ടും ഉപയോഗിക്കാനുമായി പ്രത്യേക സംവിധാനങ്ങൾ ഗവൺമെന്റ് തന്നെ ഏർപ്പെടുത്തണം. ■